## അലോട്ട്മെന്റിനുശേഷം കോളേജിലേക്കുള്ള പ്രവേശനം

## (ക്യാപിനുശേഷം കോളേജിലേക്ക് പ്രവേശനനടപടിക്രമം)

കോവിഡ് 19 പകർച്ചവ്യാധി നിലനില്ക്കുന്ന പശ്ചാത്തലത്തിൽ, സർവകലാശാല നിർദേശിക്കുമ്പോഴല്ലാതെ, സാക്ഷ്യപത്രപരിശോധനയ്ക്കായി അപേക്ഷകർ കോളേജിലേക്ക് വരേണ്ടതില്ല. ബിഷപ് ചൂളപ്പറമ്പിൽ മെമ്മോറിയൽ (ബി.സി.എം.) കോളേജിൽ ബിരുദപ്രോഗ്രാമുകളിലേക്ക് സ്ഥിരപ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ളവർ, സർവകലാശാലയുടെ പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷം, തുടർന്ന് പറയുന്ന കാര്യങ്ങൾ ദയവായി പാലിക്കുക.

1. www.cap.mgu.ac.in എന്ന ക്യാപ് വെബ്സൈറ്റിലൂടെ സർവകലാശാലയ്ക്ക് നല്കേണ്ട ഫീസ് തുക (എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 50 രൂപയും മറ്റു വിഭാഗങ്ങളിലുള്ളവർക്ക് 1113 രൂപയും) അടയ്ക്കുക.

2. തുക അടച്ച രശീതിയുടെ പകർപ്പെടുക്കുക.

3. കോളേജ് പ്രവേശന അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത്, പ്രിന്റ് എടുത്തു പൂരിപ്പിക്കുക.

4. റാഗിംഗ് വിരുദ്ധ സത്യവാങ്മൂലത്തിന്റെ ഫോറം ഡൗൺലോഡ് ചെയ്ത്, പ്രിന്റ് എടുത്തു പൂരിപ്പിക്കുക.

5. എസ്.ബി.ഐ. കളക്റ്ററിലൂടെ കോളേജിന് നല്കേണ്ട ഫീസ് തുക അടയ്ക്കുക.

6. പ്രസ്തുത ഫീസ് അടച്ച രശീതിയുടെ പകർപ്പെടുക്കുക.

7. മുൻപ്രതിപാദിച്ച 2,3,4,6 എന്നീ നമ്പറുകളിലെ രേഖകൾ താഴെപ്പറയുന്ന രേഖകളും ചേർത്ത് പ്രിൻസിപ്പാൾ, ബി.സി.എം. കോളേജ്, കോട്ടയം - 686001 എന്ന വിലാസത്തിൽ എത്രയും പെട്ടന്ന് രജിസ്റ്റേർഡ് പോസ്റ്റായി കോളേജിലേക്ക് അയയ്ക്കുക.

- ബിരുദപ്രോഗ്രാമിലേക്ക് അപേക്ഷിക്കുന്നതിന്റെ ഭാഗമായി ക്യാപ് സൈറ്റിൽ അപ്ലോഡ് ചെയ്ത എല്ലാ സാക്ഷ്യപത്രങ്ങളുടെയും ഓരോ പകർപ്പ്
- എസ്.എസ്.എൽ.സി. അഥവാ തത്തുല്യയോഗ്യതയുടെ സാക്ഷ്യപത്രത്തിന്റെ 2 പകർപ്പുകൾ
- പ്ലസ് 2 വിന്റെ യഥാർത്ഥ സാക്ഷ്യപത്രവും ഒരു പകർപ്പും
- യഥാർത്ഥ റ്റി.സി.
- യഥാർത്ഥ സ്വഭാവ സാക്ഷ്യപത്രം
- (അപേക്ഷക ഇ-ഗ്രാന്റിന് അർഹയെങ്കിൽ) ബാങ്ക് പാസ് ബുക്ക് ആദ്യ പേജിന്റെ ഒരു പകർപ്പ്
- പാസ്പോർട്ട് സൈസിലുള്ള 2 ഫോട്ടോകൾ
- ആധാർ കാർഡിന്റെ ഒരു പകർപ്പ്

സാമുദായിക/മാനേജ്മെന്റ് വിഭാഗത്തിൽ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ളവർ സർവകലാശാലയിലേക്ക് ഫീസ് നേരിട്ട് അടയ്ക്കേണ്ടതില്ല. സർവകലാശാലയ്ക്കും കോളേജിനും നല്കേണ്ട ഫീസ് തുക കോളേജിന്റെ ഓൺലൈൻ പേയ്മെന്റ് ലിങ്ക് ആയ എസ്.ബി.ഐ. കളക്റ്ററിലൂടെതന്നെയാണ് ഫീസ് അവർ അടയ്ക്കേണ്ടത്.